സർക്കാർ ജീവനക്കാർക്കും മറ്റ് പൊതുമേഖലാ ജീവനക്കാർക്കും ഇൻസർവ്വീസ് ട്രെയിനിംഗ്

45 (50) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിലെ വ്യക്തികൾക്ക് നല്കുന്നതുപോലെ സർക്കാർ ജീവനക്കാർക്കും മറ്റ് പൊതുമേഖലാ ജീവനക്കാർക്കും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നേതൃത്വത്തിൽ ഇൻ-സർവ്വീസ് ട്രെയിനിംഗ് നല്കുന്നതിനായി ആധുനിക രീതിയിലുള്ള ട്രെയിനിംഗ് സെന്റർ തിരുവനന്തപുരത്ത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിൽ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് പി.എസ്.സി. എന്തെങ്കിലും പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഈ വിഷയം സംബന്ധിച്ച് ഒരു പ്രൊപ്പോസലും പി.എസ്.സി. സർക്കാരിന് നൽകിയിട്ടില്ല.

സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ നിയന്ത്രണം

46 (51) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഓഫീസിൽനിന്നും ഡെപ്യൂട്ടേഷൻ അനുവദിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) എല്ലാ സർക്കാർ ഓഫീസുകളും സർവ്വീസ് ചട്ടങ്ങൾ പ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 11-10-2013- ലെ സ.ഉ.(പി) നമ്പർ 515/2013/ധന, 28-11-2013-ലെ സ.ഉ. (പി) നമ്പർ 580/2013/ധന. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നിയന്ത്രണങ്ങൾ നിലവിലുണ്ട്.

(ബി) ഉന്നത ഉദ്യോഗസ്ഥരുടെക്ഷാമം അനുഭവിക്കുന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരുടെ സേവനം വിട്ട് നൽകുവാൻ കഴിയാത്ത അവസ്ഥയാണ് എന്നാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

ലോകായുക്തയിലെ പി.എസ്.സി. നിയമനം

47 (52) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ലോകായുക്തയിലെ നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടിട്ടുണ്ടോ ; ഇതുവരെ പി.എസ്.സി. വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ നികത്താനുണ്ട് ?

ഉത്തരം

കേരള ലോകായുക്തയിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട് ഉത്തരവായിട്ടുണ്ട്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ലാത്തതിനാൽ എല്ലാ നിയമനങ്ങളും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കോ-ടെർമിനസ് വ്യവസ്ഥയിലുമാണ് നടത്തിവരുന്നത്.

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ ഇളവുകൾ

48 (53) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഡെപ്യൂട്ടേഷൻ സമാന സ്കെയിൽ ഉള്ള തസ്തികയിലേക്ക് മാത്രമേ നടത്താവൂ എന്ന നിബന്ധന ഒഴിവാക്കുമോ?